(സി) സംവരണ വിഭാഗത്തിൽപ്പെടാത്തവർ അത്തരം സീറ്റുകളിലിരുന്ന് യാത്ര ചെയ്യുമ്പോൾ സംവരണ വിഭാഗത്തിൽപ്പെട്ട യാത്രക്കാർ വരുന്നപക്ഷം അതിൽ ഇരിക്കുന്നവരെ മാറ്റി സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് നിർബന്ധമായും സീറ്റ് ഒഴിപ്പിച്ചു കൊടുക്കണമെന്ന് ബസ് കണ്ടക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളിൽ സ്ത്രീകൾക്കും അംഗവൈകല്യമുള്ളവർക്കും സംവരണം ചെയ്തിട്ടുണ്ട്. കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ സ്ത്രീകൾ, അന്ധർ, വികലാംഗർ, സീനിയർ സിറ്റിസൺ എന്നിവർക്കായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. (സിറ്റി, ഓർഡിനറി ഫ്രാഞ്ചൈസ് ഫാസ്റ്റ് പാസഞ്ചർ ബസ്സുകളിൽ സ്ത്രീകൾക്ക് 25% സീറ്റും അന്ധർക്ക് ഒരു സീറ്റും, വികലാംഗർക്ക് 2 സീറ്റും, സീനിയർ സിറ്റിസണിന് 2 സീറ്റുമാണ് കെ.എസ്.ആർ.ടി.സി. സംവരണം ചെയ്തിട്ടുള്ളത്).

(ബി) ഉണ്ട്. ചില പരാതികൾ ഇക്കാര്യത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംവരണ വിഭാഗത്തിൽപ്പെട്ടവർക്ക് നിർബന്ധമായും സീറ്റ് ഒഴിപ്പിച്ചു കൊടുക്കണമെന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംവരണത്തിനർഹതയുള്ളവർക്ക് അർഹതപ്പെട്ട സീറ്റുകൾ ലഭ്യമാക്കുവാൻ കണ്ടക്ടർമാർ ബാധ്യസ്ഥരാണ്. ഇത് നിർവ്വഹിക്കാത്ത കണ്ടക്ടർമാർക്കെതിരെ നടപടിയെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡുകളുടെ ശോചനീയാവസ്ഥയും വാഹനപ്പെരുപ്പവും

67 [502] ശ്രീ. ജോർജ് ജെ. മാത്യു:
,, വർക്കല കഹാർ:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
,, വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോയിനത്തിലുംപെട്ട എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ കണക്കിലെടുക്കുമ്പോൾ ഇത്രയും വാഹനങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷി നമ്മുടെ റോഡുകൾക്കുണ്ടോ;

(സി) സംസ്ഥാനത്ത് തിരക്കുള്ള റോഡുകളിലൂടെ വാഹനം ഓടിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)

1.	ഭാരവാഹനങ്ങൾ	-	202,288
2.	ബസ്സുകൾ	-	88,454
3.	കാറുകൾ	-	359,449
4.	ടാക്സികൾ	-	92,957
5.	ജീപ്പുകൾ	-	71,253
6.	ഓട്ടോറിക്ഷകൾ	-	299,124
7.	ഇരുചക്രവാഹനങ്ങൾ	-	1,577,033
8.	മറ്റുള്ളവ	-	55,390

31-12-2003 വരെ ആകെ 2,745,948 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടെന്ന് കരുതുന്നില്ല.

(സി) നിലവിൽ പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും ഇല്ല.

(ഡി) ബാധകമല്ല.

കാലപ്പഴക്കമുള്ള സ്വകാര്യ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ നടപടി

68 [503] ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 വർഷം പഴക്കവും തുടർന്ന് സർവ്വീസ് നീട്ടിക്കിട്ടിയ സമയ പരിധിയും പൂർത്തിയാക്കിയ സ്വകാര്യ യാത്രാ ബസ്സുകൾ 2003 ജൂലൈ 31-ന് ശേഷം സർവ്വീസ് നടത്തരുതെന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

2/404/2012—18.

LIBRARY ARCHIVES Kerala Legislative Assembly